(ഡി) കടിവെള്ളപദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പ് ഹൗസ് പുനരുദ്ധാരണപ്രവൃത്തി, 9.50 MLD ശേഷിയുള്ള ശുദ്ധീകരണശാലയുടെ പ്രവൃത്തി, കഴൽമന്ദം ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി, മോട്ടോർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പുരോഗമിച്ചുവരുന്നു.

(ബി) നിലവിലുള്ള കണ്ണാടി ടാങ്കിലേക്കും തേങ്കുറിശ്ശി ടാങ്കിലേക്കുമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. കിണർ പമ്പ് ഹൗസ് പുനരുദ്ധാരണം.
2. 9.50 MLD ജലശുദ്ധീകരണശാല.
3. കഴൽമന്ദം ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ.
4. മോട്ടോർ പമ്പ് സെറ്റ് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.
5. തേങ്കുറിശ്ശി ടാങ്ക് മുതൽ വെള്ളപാറ ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ.
6. കഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി എന്നീ പഞ്ചായത്തുകളിലെ ഹാർഡ്റൈഡ് ബാധിത പ്രദേശങ്ങളിലേക്കുള്ള വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ.

(സി) പൂർത്തീകരിച്ചിട്ടില്ല.

(ഡി) 2016 ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശുദ്ധജലവിതരണ, മാലിന്യ നിർമ്മാർജ്ജന മേഖല

207 (908) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ശുദ്ധജലവിതരണ, മാലിന്യ നിർമ്മാർജ്ജന മേഖലയ്ക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ തൊണ്ണം എത്ര കോടി രൂപ വകയിരുത്തുകയുണ്ടായിട്ടുണ്ട്; അതിൽ ടഫ്വരിയിൽനിന്നും പിൻവലിച്ച തുക എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജിക്കയുടെ സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിനായി നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്കായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽനിന്നും എന്ത് തുക പിൻവലിച്ചിട്ടുണ്ട്; വകയിരുത്തിയ തുക എത്രയായിരുന്നു;

(സി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക പിൻവലിക്കുകയുണ്ടായി എന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ശുദ്ധജല വിതരണ, മാലിന്യ നിർമ്മാർജ്ജന മേഖലയ്ക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ മൊത്തം 631.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ ട്രഷറിയിൽ നിന്നും 323.36 കോടി രൂപ പിൻവലിച്ചു. ഇതിനുപരിയായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയ 130 കോടി രൂപയിൽ 44.28 കോടി രൂപ അനുവദിച്ചു.

(ബി) നബാർഡ് സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ച പ്രസ്തുത പദ്ധതിക്ക് തന്നാണ്ടിലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) ചോദ്യം (എ)-യിൽ പ്രതിപാദിച്ചിട്ടുള്ള പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക പിൻവലിച്ചു.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ	-	60.00%
നബാർഡ്	-	40.59%
ജിക്ക	-	40.00%

ശുദ്ധജല സ്രോതസ്സുകളുടെ മലിനീകരണം

208 (909) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവായി ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല ഉറവിടങ്ങൾ ദിനംപ്രതി മലിനീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നത് തടയാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; ഇവ എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly